പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.599 — 01.12.2015-ൽ മറുപടിയ്ക്ക്

**ടൈറ്റാനിയം ഫാക്ടറിയുടെ ആവശ്യത്തിനായി മണൽ ഇറക്കുമതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ. കെ. ശശീന്ദ്രൻ<br>,, തോമസ് ചാണ്ടി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ടൈറ്റാനിയം ഫാക്ടറിയുടെ ആവശ്യത്തിനായി സ്വകാര്യ കമ്പനികൾ വഴി ശ്രീലങ്കൻ മണൽ ഇറക്കുമതി ചെയ്തതിനാൽ സർക്കാരിന് നഷ്ടമുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ നഷ്ടമെന്ന് വെളിപ്പെടുത്താമോ; | (എ) 2009-10 മുതൽ 2013-14 വരെയുള്ള കാലയളവിൽ കമ്പനിയുടെ ആവശ്യത്തിനുള്ള കരിമണൽ ഐ.ആർ.ഇ.യിൽ നിന്നും പൂർണ്ണമായും ലഭിച്ചിരുന്നില്ല. കമ്പനിക്ക് അധികമായി വേണ്ടിവരുന്ന കരിമണൽ, ഉൽപ്പാദനം തുടരുന്നതിന് അത്യന്താപേക്ഷിതമായതിനാൽ, മത്സരാധിഷ്ഠിത ദർഘാസ് മുഖേന ശ്രീലങ്കയിൽ നിന്നും സ്വകാര്യസ്ഥാപനങ്ങൾ വഴി വാങ്ങിയിട്ടുണ്ട്. എന്നാൽ 2011-12-ൽ M/s.Ind Chem-ൽ നിന്നും വാങ്ങിയ കരിമണലിനെ സംബന്ധിച്ച് എ.ജി നടത്തിയ പരിശോധനാ റിപ്പോർട്ടിൽ 2.21 കോടി രൂപ അധിക ചെലവ് വന്നതായി പ്രതിപാദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണവും നടക്കുന്നുണ്ട്. അധിക ചെലവ് M/s.Ind Chem-നിന്ന് ഈടാക്കുന്നതിന്, കമ്പനിയുടെ ആവശ്യപ്രകാരം കേരള ഹൈക്കോടതി നിയമിച്ച ആർബിട്രേഷൻ ഇപ്പോൾ നടന്നുവരുന്നു. ഇത് സംബന്ധിച്ച അന്തിമ വിധി ഇതുവരെ വന്നിട്ടില്ല. |
| (ബി) ഇൽമനൈറ്റ് ഇറക്കുമതി ചെയ്യുന്നതിനുള്ള ടെൻഡറിൽ ഏതെല്ലാം കമ്പനികളാണ് പങ്കെടുത്തതെന്നും എന്തു തുകയാണ് ടെൻഡറിൽ ക്വോട്ട് ചെയ്തതെന്നും വ്യക്തമാക്കുമോ; | (ബി) 2011-12-ൽ CD/CN/Ilmenite/11-12 dated 07.12.2011 എന്ന ടെൻഡറിൽ 4 സ്ഥാപനങ്ങൾ പങ്കെടുക്കുകയും മൂന്ന് പേരുടെ Price Bid open ചെയ്യുകയുമുണ്ടായി.<br>വിശദ വിവരം താഴെ കൊടുക്കുന്നു.<br>1. M/s.Ind Chem Iinc. Rs.16,613/-<br>2.M/s. Alliance Lanka Rs.17,332/-<br>3. M/s.Miracle Sands Rs.17,250/- |
| (സി) ഗുണനിലവാരം കുറഞ്ഞ ശ്രീലങ്കൻ മണൽ ഇറക്കുമതിയ്ക്കായി നടപടികൾ സ്വീകരിച്ച ഉന്നത ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (സി) വിജിലൻസിന്റെ അന്വേഷണത്തെ തുടർന്ന് രണ്ട് ഉദ്യോഗസ്ഥന്മാർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ